## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആവഡ. - ജീവനക്കാര്യം - പ്രവേശന കാലാവധി ദീർഘിപ്പിച്ചു നൽകിയതിനു ശേഷം അസിസ്റ്റന്റ് സർജനായി നിയമനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഉത്തരവ് നം. ഇ.എ.3-19717/15/ആ.വ.ഡ., തീയതി 10/4/2015.

2. ഡോ. അരുന്ധതി ദേവി കെ. എം. സമർപ്പിച്ച അപേക്ഷ.

**ഉത്തരവ് നം. ഇ.എ.3-19717/2015/ആ.വ.ഡ., തീയതി : 06/10/2020.**

ഡോ. അരുന്ധതി ദേവി കെ. എം. -ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന ശുപാർശയിൽ അസിസ്റ്റന്റ് സർജനായി പരാമർശം (1) പ്രകാരം നിയമന ഉത്തരവ് നൽകിയെങ്കിലും ടിയാളുടെ അപേക്ഷ പ്രാകാരം പ്രവേശന കാലാവധി 28/09/2020 തീയതി വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു. എന്നാൽ പ്രവേശന കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പരാമർശം (2) പ്രകാരമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ ഡോ. അരുന്ധതി ദേവി കെ. എം. —നെ പാലക്കാട്, ഓങ്ങല്ലൂർ, കുടുംബാരോഗ്യ കേന്ദ്രത്തിൽ നിമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ടിയാൾ പ്രവേശന കാലാവധി അവസാനിക്കുന്ന മുറയ്ക്ക് അസ്സൽ സർട്ടിഫിക്കറ്റുകളും നിയമന ഉത്തരവും സഹിതം ജില്ലാ മെഡിക്കൽ ഓഫീസർ മുമ്പാകെ ഹാജരാകേണ്ടതാണ്. അല്ലാത്ത പക്ഷം ജോലിയിൽ പ്രവേശിക്കാത്ത വിവരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുൻപാകെ അറിയിക്കുന്നതാണ്.

ആർ.ടി.സി. കൃത്യമായും അയച്ചുതരേണ്ടതാണ്.

2020 —ലെ പൊതു സ്ഥലംമാറ്റ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ തത്സമയത്ത് ആവശ്യമെങ്കിൽ ഈ ഉത്തരവ് പുനഃപരിശോധിക്കുന്നതാണ്.

(ഒപ്പ്)

ഡോ. സരിത ആർ. എൽ.

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:

ഡോ. അരുന്ധതി ദേവി കെ. എം., വൈശാഖ്, കല്ലടിപ്പറ്റ, പാലക്കാട് — 679 313

(താങ്കളുടെ പോലീസ് വെരിഫിക്കേഷനായുള്ള പ്രൊഫോർമ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയത് ഒരാഴ്ചയ്ക്കകം ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന സമർപ്പിക്കേണ്ടതാണ്.)

പകർപ്പ്:-

1. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പാലക്കാട്.

   (ഡോ. അരുന്ധതി ദേവി കെ. എം. —ന്റെ തിരിച്ചറിയൽ രേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടിയാളെ നിയമിച്ച സ്ഥാപനത്തിൽ ഒഴിവ് ഇല്ലായെങ്കിൽ സാധൂകരണത്തിന് വിധേയമായി മറ്റൊരു സ്ഥാപനത്തിൽ നിയമിക്കേണ്ടതാണ്.)
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്, കുടുംബാരോഗ്യ കേന്ദ്രം, ഓങ്ങല്ലൂർ, പാലക്കാട്.
4. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജിആർആർ-06/10